## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3521** **15.03.2018-ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് നികുതി വരുമാനത്തിലുണ്ടായ മാറ്റം**

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ<br>,, റോജി എം. ജോൺ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ)<br>&<br>(ബി) | സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധനവ് ഉണ്ടായിട്ടില്ല. ജി.എസ്.ടി സോഫ്റ്റ് വെയർ പൂർണ്ണമായി പ്രവർത്തന ക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതുപോലെയുള്ള പൂർണ്ണമായി റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം ഐ.ജി.എസ്.ടി. ഫണ്ട് സെറ്റിൽമെന്റിനെ ബാധിച്ചിട്ടുള്ളതിനാൽ പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ ഇതു സാരമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതു പ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18 ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽ കുറച്ചുള്ള ജി.എസ്.ടി. യാണ് സംസ്ഥാനം പിരിച്ചെടുക്കുന്നതെങ്കിൽ ബാക്കി തുക കേന്ദ്രം നഷ്ടപരിഹാരമായി നൽകും. ദ്വൈമാസ കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ-ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും |
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് നഷ്ടപരിഹാരമായി കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ട കോമ്പൻസേഷൻ തുക കൃത്യമായി ലഭിച്ചിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. നവംബർ-ഡിസംബർ മാസങ്ങളിലേത് ഇതുവരെ ലഭ്യമായിട്ടില്ല. എന്നിരുന്നാലും നികുതി വരുമാനത്തിൽ നഷ്ടം സംഭവിച്ചു എന്ന് കരുതാനാവില്ല. |
| (സി) | നികുതി വരുമാനത്തിൽ 2017-18 സാമ്പത്തികവർഷം പ്രതീക്ഷിച്ച 25 ശതമാനം വർദ്ധനവ് നേടുവാൻ കഴിയാത്തത് ജി.എസ്.ടി. നടപ്പിലാക്കിയത് മൂലമാണോ; അല്ലെങ്കിൽ എന്തുകൊണ്ടാണ്; | (സി) | നികുതി വരുമാനത്തിൽ 2017-18 സാമ്പത്തിക വർഷം 25 ശതമാനം വർദ്ധനവ് പ്രതീക്ഷിച്ചത്, ജി.എസ്.ടി. നടപ്പിലാകുമ്പോൾ നികുതി വെട്ടിപ്പിനുള്ള സാധ്യത പരമാവധി കുറയുകയും സേവനത്തിന്മേലുള്ള നികുതിയും കിട്ടുമെന്നതിന്റെ അടിസ്ഥാനത്തിലാണ്. കൂടാതെ പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് പ്രാപ്യസ്ഥാന നികുതി തത്വവും അനുകൂലമാണ്. എന്നാൽ സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതിനാൽ പൂർണ്ണമായ റിട്ടേൺ ഫയലിംഗ് സാധ്യമാകാതെ വരുകയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആധികാരികത ഉറപ്പുവരുത്താനാവാത്ത സാഹചര്യവുമുണ്ട്. കൂടാതെ ഐ.ജി.എസ്.ടി. ഫണ്ട് സെറ്റിൽമെന്റും പൂർണ്ണ റിട്ടേണില്ലാത്തതിനാൽ മുഴുവൻ ലഭ്യമായിട്ടില്ല. ഇതുകൂടാതെ ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം 28 ശതമാനം നികുതി നിശ്ചയിച്ചിരുന്ന, മുമ്പ് 14.5 ശതമാനം നികുതിയുണ്ടായിരുന്ന പല ചരക്കുകളുടെയും നികുതി 18% ആയി കുറച്ചു. ഇത് മൂലം സംസ്ഥാന നികുതി വരുമാനം ഇത്തരം ചരക്കുകളിൽ 9% ആയി കുറഞ്ഞു. ഇതു നികുതി പിരിവിനെ സാരമായി ബാധിക്കുകയും റവന്യൂ ന്യൂട്രൽ തത്വം ലംഘിക്കപ്പെടുകയും ചെയ്തു. ഇതുകൂടാതെ നോട്ട് നിരോധനം പൊതുവെ സാമ്പത്തിക മാന്ദ്യത്തിന് ഇടയാക്കി. ഇതെല്ലാം സംസ്ഥാനത്തിന്റെ നികുതി പിരിവ് പ്രതീക്ഷിച്ച രീതിയിൽ ഉയരാത്തതിന് കാരണമായി. |

| | | | |
|---|---|---|---|
| (ഡി) | നികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് നികുതി വളർച്ച 2018-19 ൽ 20 ശതമാനമാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്? | (ഡി) | ജി.എസ്.ടി. സോഫ്റ്റ് വെയർ അത്യാവശ്യം മാറ്റങ്ങളോടു കൂടി ഉടൻ തന്നെ പൂർണ്ണമായി പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു. അതുതന്നെ നികുതി പിരിവ് വർദ്ധിക്കുന്നതിന് കാരണമാകും. കൂടാതെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനും പൂർത്തീകരിക്കാനുള്ള നികുതി നിർണ്ണയങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇത്തരം നടപടികൾ നികുതി പിരിവ് മെച്ചപ്പെടുത്താൻ സാധ്യമാകും. കൂടാതെ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയതിനെത്തുടർന്നും ഇ-വേ ബിൽ നടപ്പിലാക്കാത്തതിനെ തുടർന്നും അനധികൃത ചരക്കു നീക്കം വർദ്ധിച്ചതായി വിലയിരുത്തുന്നു. ഇതിനെ ഫലപ്രദമായി നേരിടുന്നതിന് വേണ്ടി ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്താനും പ്രവർത്തനം കാര്യക്ഷമമാക്കാനും നടപടി സ്വീകരിച്ചു വരുന്നു. ഇ-വേ ബില്ലും 01.04.2018 മുതൽ അന്തർ സംസ്ഥാന ചരക്കു നീക്കത്തിന് നിർബന്ധമാക്കും. ഇതെല്ലാം നടപ്പിലാകുമ്പോൾ നികുതി പിരിവിൽ കാര്യമായ വർദ്ധന ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ